കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

ബഡ്ജറ്റ്

(2024-25)

<u>ആമുഖം</u>

ബഹുമാന്യരേ,

കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റാണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. സദ്ഭരണത്തിലൂടെ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൌകര്യ വികസനമാണ് നിലവിലുള്ള ഭരണസമിതിയുടെ പ്രധാന ലക്ഷ്യം. കഴിഞ്ഞ 3 സാമ്പത്തിക വർഷവും നികുതി പിരിവ് 100 ശതമാനം കൈവരിക്കാനായതും, ഐ.എസ്.ഒ സർട്ടിഫൈഡ് ഗ്രാമപഞ്ചായത്ത് എന്ന പേര് നിലനിറുത്താനായതും എടുത്തുപറയാവുന്ന നേട്ടങ്ങളാണ്.ഗ്രാമപഞ്ചായത്തിന്റെ വിഭവ സ്രോതസ്സുകൾ ജനനന്മയ്ക്കായി പ്രയോജനപ്പെടുന്ന തരത്തിൽഫലപ്രദമായ നൂതന പദ്ധതികൾ ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, മികച്ച ചെലവ് പുരോഗതി കൈവരിക്കുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷവും നമുക്ക് സാധിച്ചിട്ടുണ്ട്. വിവേചനമോ വേർതിരിവുകളോ ഇല്ലാതെ അർഹതയുടെ അടസ്ഥാനത്തിൽ മാത്രം മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി ആനുകൂല്യങ്ങൾ നൽകി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ക്ലേശങ്ങൾ ലഘൂകരിക്കുന്നതിന് ഈ ഭരണസമിതി പരമാവധി ശ്രമിച്ചിട്ടുണ്ട്എന്ന് ഈ അവസരത്തിൽ വിലയിരുത്തുന്നു.

ഊർജ സംരക്ഷണ പ്രവർത്തനങ്ങളുടേയും, പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന്റേയും ആദ്യ പടിയായി സൌരോർജ്ജ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി ഗ്രാമപഞ്ചായത്ത് ആഫീസിനേയും അനുബന്ധ കെട്ടിടങ്ങളേയും മാറ്റിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മാലിന്യമുക്തംനവകേരളം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുള്ള മികവുറ്റ പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഈ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങളേയും ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "ഗ്രാമവണ്ടി", കുറഞ്ഞ ചെലവിൽ നല്ല ഭക്ഷണം നൽകുന്നതിനായി ആരംഭിച്ച "ജനകീയ ഹോട്ടൽ", പ്രൈമറി സ്കൂൾ തലത്തിലെ കുട്ടികൾക്കുള്ള പ്രഭാത ഭക്ഷണം,"ടേക്ക് എ ബ്രേക്ക്" പൊതുശൌചാലയം എന്നീ പദ്ധതികളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഈ സാമ്പത്തിക വർഷവും തുടരേണ്ടതുണ്ട്.

അധികാര വികേന്ദ്രീകരണത്തിലൂടെ കൈമാറി കിട്ടിയ ചുമതലകളും ഉത്തരവാദിത്തങ്ങളും കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുകയും, ജനാഭിലാഷങ്ങൾക്ക് ഒപ്പം നിൽക്കുന്ന, വികസന കാഴ്ചപ്പാടും ലക്ഷ്യവും വ്യക്തമാക്കുന്നതോടൊപ്പം അവ സാക്ഷാത്കരിക്കാൻ ഉള്ള ദിശാബോധം നൽകുന്നതാകട്ടെ ഈ ബഡ്ജറ്റ് എന്ന് പ്രത്യാശിക്കുന്നു.

എൻ.എസ്.നവനീത് കുമാർ
പ്രസിഡന്റ്കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

ബഡ്ജറ്റ് 2024-25 അവതരണം

ബഹുമാന്യരേ,

കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ പ്രതീക്ഷിത വരവ് ചെലവുകൾ അനുബന്ധമായി ചേർത്തുകൊണ്ട് നിലവിലുള്ള ഭരണസമിതിയുടെ നാലാമത് ബഡ്ജറ്റ് സവിനയം സമർപ്പിക്കുന്നു.

ഈ ബഡ്ജറ്റിൽ പ്രാരംഭ ബാക്കി ഉൾപ്പെടെ **36,72,42,922/-** രൂപയുടെ വരവും **35,90,29,437/--** രൂപയുടെ ചെലവും **82,13,485/-** രൂപയുടെ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്നു. ഈ ബഡ്ജറ്റിൽ വസ്തു നികുതി ഇനത്തിൽ **42,00,000/-** രൂപയുടേയുംതൊഴിൽ നികുതി ഇനത്തിൽ **18,50,000/-** രൂപയുടേയും വരുമാനം പ്രതീക്ഷിക്കുന്നു. കൂടാതെകെട്ടിട വാടക, ലേലങ്ങൾ ലൈസൻസ് ഫീസ് തുടങ്ങി നികുതിയേതര വരുമാനത്തിൽ ആകെ **54,02,500/-**രൂപയുടെ വരവും പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാർ അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ട് **1,74,41,000/-**രൂപ ഉൾപ്പെടെ ആകെ **2,88,93,500/-** രൂപയുടെ തനത് വരുമാനം പ്രതീക്ഷിക്കുന്നു.

എല്ലാ ഭവനങ്ങളിലും പച്ചക്കറി, വാഴ, തോട്ടങ്ങൾ സൃഷ്ടിച്ച് കൃഷി കൂടുതൽ വിപുലമാക്കുന്നതോടൊപ്പം പാരമ്പര്യ രീതികളും,ആധുനീക കൃഷി രീതികളും സമന്വയിപ്പിച്ച് വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും, ഈ മേഖലയിൽ കൂടുതൽ വരുമാനവും തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനും ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. കൃഷി പോലെ ഉൽപ്പാദന മേഖലയിൽ സാധാരണ ജന വിഭാഗങ്ങൾക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭിക്കുന്ന മറ്റൊരു മാർഗ്ഗമാണ് മൃഗസംരക്ഷണം. ഈ മേഖലയിൽ വനിതകൾക്ക് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്ന കോഴി വളർത്തൽ, ആട് വളർത്തൽ, എന്നിവയ്ക്കുപുറമേ കർഷകർ സൊസൈറ്റികളിൽ നൽകുന്ന പാലിന് സബ്സിഡിയും, രോഗ നിയന്ത്രണത്തിനായി മരുന്നുകളും മറ്റ് പശ്ചാത്തല അനുബന്ധ വികസന പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നു. കൃഷി, മൃഗസംരക്ഷണം തുടങ്ങി ഉൽപ്പാദനമേഖലയ്ക്കായി ആകെ **1,44,76000/-** രൂപ വകയിരുത്തിയിട്ടുണ്ട്.

സേവന മേഖലയിൽ വിദ്യാഭ്യാസ രംഗത്ത് കുട്ടികളിലെ വായനാ ശീലം വർദ്ധിപ്പിക്കുക, കലാസാംസ്കാരിക ഉന്നമനം എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളോടൊപ്പം പ്രൈമറിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണത്തിനും തുക വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ രംഗത്ത് മാതൃകാ പരമായ രീതിയിൽ മികവ് പുലർത്തുന്ന കൊല്ലയിൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റേയും ഉപകേന്ദ്രങ്ങളുടേയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ഈ ബഡ്ജറ്റിലും തുടരുന്നതാണ്.സംസ്ഥാന സർക്കാരിനു കീഴിലെ ആർദ്രം മിഷന്റെ സഹായം തേടിയും കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചും ആരോഗ്യരംഗം കൂടുതൽ ജനോപകാരപ്രദമാക്കുന്നതാണ്. വിവിധ ഇനങ്ങളിലായി മരുന്ന്, ലാബ്വികസന പ്രവർത്തനങ്ങൾ, ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണം അടക്കം അലോപ്പതി, ആയുർവേദം, ഹോമിയോ ഉൾപ്പെട്ട ആരോഗ്യ മേഖലയ്ക്കും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും ആരോഗ്യ മേഖലയുടെ അനുബന്ധ സൌകര്യങ്ങൾക്കുമായി **77,91,840/-**രൂപ നീക്കി വയ്ക്കുന്നു. കൂടാതെ ദാരിദ്ര്യനിർമ്മാർജ്ജനം, വനിതാ ശിശു ക്ഷേമ പരിപാടികൾ, പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ

നേരിടുന്നവർക്കുള്ള പ്രത്യക പരിപാടികൾ, മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ, ഭവന നിർമ്മാണം, വൃദ്ധരുടേയും അതിദരിദ്ര വിഭാഗത്തിൽ ഉൾപ്പെട്ടവരുടേയും ക്ഷേമം, അംഗൻവാടികളെ സ്മാർട്ട് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ, പൊതു ശുചിത്വം- മാലിന്യസംസ്കരണ മേഖലയിലെ പരിപാടികൾ തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾ 2024-25 സാമ്പത്തിക വർഷവും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഈ ബഡ്ജറ്റിൽ ലക്ഷ്യമിടുന്നു. വിവിധ ഇനങ്ങളിലായി സേവന മേഖലയ്ക്കായി ആകെ **17,69,38,659**/-രൂപ ഈ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ നടന്നുവരുന്ന ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകളോടൊപ്പം വിപണനകേന്ദ്രവും ആരംഭിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം ആരംഭിച്ച പ്രവർത്തനങ്ങൾ 2024-25 സാമ്പത്തിക വർഷവും തുടരുന്നതാണ്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സ്ത്രീ ശാക്തീകരണത്തിനും ദാരിദ്ര്യനിർമ്മാർജനത്തിനും സഹായകരമാകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഏറ്റെടുക്കുന്നതിനും കുടുംബശ്രീയെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ ബഡ്ജറ്റിലും തുടരുന്നതാണ്. ബാങ്കുകളേയും, മറ്റ് ധനകാര്യ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വായ്പയും, സബ്സിഡികളും ലഭ്യമാക്കി സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

പട്ടികജാതി കുടുംബങ്ങൾക്ക് വീടു വയ്ക്കൽ (ലൈഫ് മിഷൻ, പി.എം.എം.വൈ വിഹിതം), അനുപൂരക പോഷകാഹാരം, ഭിന്നശേഷി സ്കോളർഷിപ്പ് തുടങ്ങി ക്ഷേമ പ്രവർത്തനങ്ങൾക്കായി ആവശ്യമായ തുക ഉൾക്കൊള്ളിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ഈ മേഖലയിൽ കൂടുതൽ സഹായം എത്തിക്കാനും ശ്രദ്ധിക്കുന്നതാണ്. എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യത്തോടെ 2023-24 സാമ്പത്തിക വർഷം ആരംഭിച്ച ലൈഫ്മിഷൻ രണ്ടാംഘട്ടം നമ്മുടെ പഞ്ചായത്തിൽ ജനറൽ /പട്ടിക ജാതി വിഭാഗങ്ങളിലായി 157 വീടുകൾക്ക് എഗ്രിമെൻറ് വച്ച് പണി ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് അർഹരായി കണ്ടെത്തി എഗ്രിമെൻറ് വച്ച എല്ലാപേർക്കും **2024-25**സാമ്പത്തിക വർഷം തന്നെ മുഴുവൻ തുകയും വിതരണം ചെയ്ത് പണി പൂർത്തീകരിക്കാൻ സാധിക്കുമെന്നും,ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 150 വീടുകൾക്ക് കൂടി എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാന വിഹിതവും ബ്ലോക്ക് ജില്ലാ വിഹിതങ്ങളും പഞ്ചായത്ത് വിഹിതവും വായ്പയും ഉൾപ്പെടെ ലൈഫ് ഭവന നിർമ്മാണ പദ്ധതിക്ക് ജനറൽ എസ്.സി വിഭാഗങ്ങളിലായി **5,76,00,000/-** രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഗ്രാമീണ തൊഴിലാളികളുടെ ഉന്നമനം എന്ന ലക്ഷ്യത്തോടെയുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഈ ഗ്രാമപഞ്ചായത്തിൽ വളരെ ഫലപ്രദമായി നടന്നു വരുന്നു.നടപ്പ് സാമ്പത്തിക വർഷം ഫെബ്രുവരി 05 വരെ **9,63,67000/-** രൂപ ചെലവഴിച്ച്385വർക്കുകളിലായി2,48,582 തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്.കൂടാതെ കയർ വ്യവസായത്തിന് ഗുണകരമാകുന്ന തരത്തിൽതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പടുത്തി തോടുകളുടെ ബണ്ടുകൾ സംരക്ഷിക്കുന്നതിനായി കയർ ഭൂവസ്ത്രം പദ്ധതിയിൽ **2,66,960/-** രൂപ 2023-24 സാമ്പത്തിക വർഷം ഇതുവരെ ചെലവഴിച്ചിട്ടുണ്ട് എന്നത് എടുത്തു പറയാവുന്ന നേട്ടമാണ്. 2024-25 സാമ്പത്തിക വർഷം**15 കോടി** രൂപ വകയിരുത്തി3.5 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകാൻ ലക്ഷ്യമിടുന്നു.വാർഷിക കർമ്മ പദ്ധതിയിൽ പച്ചത്തുരുത്തുകൾ, പച്ചക്കറി പാട്ടകൃഷി, തോട്/കുളങ്ങളുടെ നവീകരണം, കിണർ

നിർമ്മാണം, ആട്ടിൻ കൂട്, കോഴി കൂട് തൊഴുത്ത് നിർമ്മാണം, സോക്കേജ്/കംപോസ്റ്റ് പിറ്റ്, കിണർ റീചാർജ്, കാർഷിക കുളങ്ങൾ, അസോള ടാങ്ക്, തീറ്റപുൽകൃഷി, മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ തുടങ്ങീ വിവിധ പ്രവർത്തനങ്ങൾ വാർഡുകളിലെ വികസന പ്രവർത്തനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈ നടീൽ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പൊതുകെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, ഓടകൾ, പാർശ്വഭിത്തികൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണവും നവീകരണവും പശ്ചാത്തലമേഖലയിലെ പ്രധാന പ്രവർത്തനങ്ങളാണ്. പശ്ചാത്തലമേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട റവന്യൂ ചെലവുകൾക്കായി 1,03,54,000/- രൂപയും, റോഡ്/റോഡിതര ആസ്തികളുടെ മെയ്ൻറനൻസ് ചെലവുകൾക്കായി 44,17,000/-രൂപയും, പശ്ചാത്തലമേഖലയിലെ മൂലധന ചെലവുകൾക്കായി 1,73,13,778/- രൂപയും വകയിരുത്തിയിട്ടുണ്ട്.

മാതൃകാ പരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഈ ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾ, ജീവനക്കാർ, ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർ, നിർവഹണ ഉദ്യോഗസ്ഥർ,കുടുംബശ്രീ സി.ഡി.എസ്/എ.ഡി.എസ് അംഗങ്ങളുംജീവനക്കാരും,മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, ഹരിത കർമ്മ സേനാംഗങ്ങൾ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവർക്ക് ഭരണസമിതിയുടെ പേരിൽ നന്ദി അർപ്പിക്കുന്നു.കൂടാതെ ഭരണസമിതിയുടെ താൽപര്യപ്രകാരം കഴിയുന്നത്ര വേഗത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടുംപദ്ധതിരേഖയും തയ്യാറാക്കാൻ വിലപ്പെട്ട നിർദ്ദേശങ്ങളും, അനുഭവങ്ങളും പങ്കുവെച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, ഗ്രാമസഭാംഗങ്ങൾ എന്നിവരുടെ പങ്കിനെ തികഞ്ഞ ആദരവോടെ കാണുന്നു.

നമ്മുടെ ഭരണ സമിതിയുടെ കാലയളവിൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സഹായകമാകുന്ന പദ്ധതികൾക്ക് രൂപം നൽകാൻ തുടർന്നും സാധിക്കേണ്ടതുണ്ട്. അതിനുള്ള കൂട്ടായ ശ്രമത്തിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പരിമിതമായ സാമ്പത്തിക സാഹചര്യത്തിൽ സമഗ്രമായ ജനക്ഷേമം ഉറപ്പ് വരുത്തുന്നതിന് ഈ ബഡ്ജറ്റ് സഹായകരമാകുമെന്ന് പ്രത്യാശിച്ചു കൊണ്ടും വിശദമായ ചർച്ചകൾക്ക് വിധേയമാക്കി നമ്മുടെ വരും വർഷങ്ങളിലെ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഈ ബഡ്ജറ്റ് സഹായകമാകട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ടും കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ഈ ബഡ്ജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി സവിനയം സമർപ്പിക്കുന്നു.

സന്ധ്യ.എസ്

വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BUDGET STATEMENT

	PARTICULARS		BUDGET FOR THE YEAR 2024-25
A	OPENING BALANCE	WS-1	5,866,985
B	a) Tax Revenue- നികുതി വരുമാനം	BS-1	6,050,000
C	b) Non Tax Revenue - നികുതിയിതര വരുമാനം	BS-2	5,402,500
D	Total Own Fund - ആകെ തനത് ഫണ്ട്	B+C	11,452,500
E	C) GENERAL PUPOSE FUND (ജനറൽ പർപ്പസ് ഫണ്ട്)	BS-3	17,441,000
F	Total- ആകെ	D+E	28,893,500
G	Other GRANTS (PLAN)- റവന്യൂ ഗ്രാൻറ് -പദ്ധതി ചെലവുകൾക്ക്	BS-4	202,368,659
H	Other GRANTS(NON PLAN)- മറ്റ് റവന്യൂ ഗ്രാ ുകൾ- പദ്ധതിയേതര ചെലവുകൾക്ക്	BS-5	102,000,000
I	Total Revenue Income- ആകെ റവന്യൂ വരവുകൾ	F+G+H	333,262,159
J	Capital Income- Loans- മൂലധന വരവ്- വായ്പ വാങ്ങൽ	BS-6	12,000,000
K	Income Other than Loans- വായ്പ ഒഴികെ മൂലധന വരവുകൾ	BS-7	16,113,778
L	Total Capital Income -ആകെ മൂലധന വരവുകൾ	(J+K)	28,113,778
M	Toal Income- ആകെ വരവുകൾ	(I+L)	361,375,937
N	Total Income + Net Opening balance -ആകെ വരവുകളും പ്രാരംഭ ബാക്കിയും	(M+A)	367,242,922

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BUDGET STATEMENT

	PARTICULARS		BUDGET FOR THE YEAR 2024-25
O	REVENUE EXPENDITURE STATUTORY FUNCTIONS റവന്യൂ ചെലവുകൾ- അനിവാര്യ ചുമതലകൾക്ക്	BS-8	24,855,000
P	REVENUE EXPENDITURE- PLAN റവന്യൂ ഗ്രാൻറിൽ നിന്നുള്ള പദ്ധതി ചെലവുകൾ	BS-9	208,960,659
Q	REVENUE EXPENDITURE-NON PLAN - റവന്യൂ ഗ്രാൻറിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ	BS-10	102,500,000
R	Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ	(O+P+Q)	336,315,659
S	Capital Expenditure- Loan Repayments- മൂലധന ചെലവുകൾ വായ്പ തിരിച്ചടവ്	BS-11	5,400,000
T	Capital Expenditure Other than loan repayments- മറ്റ് മൂലധന ചെലവുകൾ	BS-12	17,313,778
U	Total Capital Expenditure- ആകെ മൂലധന ചെലവുകൾ	(S+T)	22,713,778
V	Total Expenditure- ആകെ ചെലവുകൾ	(R+U)	359,029,437
W	Closing Balance - നീക്കി ബാക്കി	(N - V)	8,213,485

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BS-1 REVENUE INCOME - TAXES (നികുതി വരവുകൾ)

HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
110 10 01	Property Tax-വസ്തു നികുതി	4,200,000
110 20 01	Profession Tax-തൊഴിൽ നികുതി	1,850,000
TOTAL TAX REVENUE (ആകെ നികുതി വരവ്)		**6,050,000**

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BS-2 REVENUE INCOME - NONTAXES (നികുതിയിതര വരവുകൾ)

HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
130	**RENTAL INCOME FROM PANCHAYAT PROPERTIES**	
130 10 01	Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക	**375,000**
130 30 01	Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക	**100,000**
130	**TOTAL-RENTAL INCOME FROM PANCHAYAT PROPERTIES**	475,000
140	**FEES & USER CHARGES**	
140 10 01	Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്	**25,000**
140 11 01	Licence Fees-ലൈസൻസ് ഫീസ്	**300,000**
140 12 01	Fee for Grant of Permit-പെർമിറ്റ് ഫീസ്	**2,500,000**
140 13 01	Fees for Certificate or Extract-സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ	**17,500**
140 20 01	Penalties and Fines-ഫൈൻ	**175,000**
140 40 01	Miscellaneous Fees-മറ്റ് ഫീസുകൾ	**225,000**
140 50 01	User Charges Collected-യൂസർ ചാർജ്	**60,000**
140 70 01	Service/ Administrative Charges-സർവീസ്/അഡ്മിനിസ്ട്രേറ്റിവ് ചാർജുകൾ	**100,000**
140	**TOTAL- FEES & USER CHARGES**	3,402,500
150	**SALE & HIRE CHARGES**	
150 10 01	Sale of Products-ഉൽപ്പന്നങ്ങളുടെ വില	**1,000,000**
150 11 01	Sale of Forms-ഫാറം വില	**100,000**
150 12 01	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	**100,000**
150	**TOTAL- SALE & HIRE CHARGES**	1,200,000
171	INTEREST EARNED	
171 10 01	Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	**200,000**
171	TOTAL-INTEREST EARNED	200,000
180	OTHER INCOME മറ്റു വരവുകൾ	
180 11 01	Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ	**75,000**
180 40 01	Recovery from Employees-ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ	**25,000**
180 80 01	Miscellaneous Income-പലവക വരവുകൾ	**25,000**

180	TOTAL-OTHER INCOME മറ്റു വരവുകൾ	125,000
TOTAL NON- TAX REVENUE (ആകെ നികുതിയേതര വരവ്)		5,402,500

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25		
BS-3 GENERAL PUPOSE FUND (ജനറൽ പർപ്പസ് ഫണ്ട്)		
HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
	GENERAL PUPOSE FUND (ജനറൽ പർപ്പസ് ഫണ്ട്)	17,441,000
TOTAL GENERAL PUPOSE FUND (ജനറൽ പർപ്പസ് ഫണ്ട്)		17,441,000

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യു വരവുകൾ)

HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
3111001	**Special Funds-പ്രത്യേക ഫണ്ട്**	**25000**
3201001	**Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും**	**156517000**
3202001	**Development Fund - General - Revenue-വികസന ഫണ്ട് - പൊതുവിഭാഗം - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ**	**16241060**
3202001	**Development Fund - SCSP -Revenue -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ**	**7080696**
3202001	**Development Fund - CFC - Revenue -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ**	**5875000**
3202001	**Maintenance Fund - Road Assets -Revenue- സംരക്ഷണച്ചെലവ് - റോഡ് ആസ്തികൾ-- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ**	**8412000**
3202001	**Maintenance Fund - Non Road Assets - Revenue - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികൾ-- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ**	**5223000**
3207002	**Contributions for Joint Venture Projects (for Revenue Expenditure) - From Other LSGIs - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം (റെവന്യൂ ചെലവുകൾക്ക്) - മറ്റു തദ്ദേശസ്ഥാപനങ്ങളിൽനിന്ന്**	**2154370**
3208001	**Other Grants, Funds & Contributions for Specific Purposes - others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും**	**840533**
TOTAL REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാൻറ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ))		202368659

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25		
BS-5 -REVENUE INCOME- NON PLAN GRANTS- (പദ്ധതിയേതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യു വരവുകൾ)		
EAD OF ACCOUI	PARTICULARS	BUDGET FOR THE YEAR 2024-25
160	**REVENUE GRANTS, FUNDS CONTRIBUTIONS & COMPENSATION**	
1601003	STATE SPONSORED SCHEMES (NOT INCLUDED UNDER DECNTRALISED PLAN PROGRAMME (സംസ്ഥാനാവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ)	102000000
160	**TOTAL-REVENUE GRANTS, FUNDS CONTRIBUTIONS & COMPENSATION**	**102000000**

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BS-6 -CAPITAL INCOME- LOANS- (വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബഡ്ജറ്റ്)

HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
330	**LOANS**	
3305001	Loans from Banks and Other Financial Institutions- ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	12000000
330	**TOTAL -LOANS -ആകെ വായ്പകൾ**	**12000000**

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25		
BS-7- CAPITAL INCOME- OTHER THAN LOANS -(മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റു വരവുകൾ)		
HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	2,000,000.00
3202001	Development Fund - General - Capital -വികസന ഫണ്ട് - പൊതുവിഭാഗം - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	3,977,940.00
3202001	Development Fund - SCSP - Capital -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	1,872,304.00
3202001	Development Fund - CFC - Capital -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- മൂലധനച്ചെലവുകൾക്കായുള്ള വരവുകൾ	2,642,000.00
3202002	Fund for Transferred Institutions -ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക ഫണ്ടുകൾ	5,621,534.00
TOTAL CAPITAL INCOME- OTHER THAN LOANS - (മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റു വരവുകൾ)		16,113,778

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BS-8 REVENUE EXPENDITURE FOIR MANDATORY FUNCTIONS (അനിവാര്യ ചുമതലകൾക്കുവേണ്ടിയുള്ള വകയിരുത്തലുകൾ)

HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
210	ESTABLISHMENT EXPENSES	
210 10 01	Salaries-ശമ്പളം	**11,000,000**
210 10 02	Wages-കൂലി	**1,225,000**
210 10 03	Bonus-ബോണസ്	**20,000**
210 20 01	Travelling Allowances-യാത്രാ ബത്ത	**400,000**
210 20 02	Other Benefits and Allowances-മറ്റ് ബത്തകൾ	**1,200,000**
210 20 03	Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം	**2,000,000**
210 20 04	Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	**150,000**
210 20 05	Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	**500,000**
210 30 01	Pension Contributions-പെൻഷൻ കോൺട്രിബ്യുഷൻ	**1,200,000**
210 30 02	Leave Salary Contributions-അവധി ശമ്പളം	**700,000**
210 40 01	Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ	**1,500,000**
210	TOTAL- ESTABLISHMENT EXPENSES - ജീവനകാര്യത്തിലേയ്ക്കുള്ള ചെലവുകൾ- ആകെ	**19,895,000**
220	ADMINISTRATIVE EXPENSES- ഭരണ ചെലവുകൾ	
220 10 01	Rent-വാടക	**25,000**
220 10 03	Taxes-നികുതി	**5,000**
220 11 01	Office Maintenance-ഓഫീസ് ചെലവുകൾ	**150,000**
220 12 01	Communication Expenses-വാർത്താ വിനിമയ ചെലവുകൾ	**175,000**
220 20 01	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	**25,000**
220 21 01	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	**300,000**
220 40 01	Insurance and Registration-ഇൻഷുറൻസ്/രജിസ്ട്രേഷൻ	**20,000**
220 51 01	Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ	**100,000**
220 52 01	Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ	**30,000**

220 60 01	Advertisement & Publicity-പരസ്യവും പ്രചരണവും	**200,000**
220 61 01	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ	**15,000**
220 70 01	Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ	**50,000**
220 71 01	Extra - ordinary Expenses-അസാധാരണ ചെലവുകൾ	**25,000**
220 80 01	Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ	**610,000**
220	TOTAL-ADMINISTRATIVE EXPENSES- ഭരണ ചെലവുകൾ- ആകെ	**1,730,000**
230	OPERATIONS & MAINTENANCE EXPENSES- സംരക്ഷണവും നടത്തിപ്പും	
230 10 01	Power-വൈദ്യുതി/ഊർജം	**1,500,000**
230 10 02	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ്	**200,000**
230 11 01	Water Charges for Drinking Water Schemes-വാട്ടർ ചാർജ്	**500,000**
230 40 01	Hire Charges-വാടക	**25,000**
230 50 01	Repairs & Maintenance - Infrastructure Assets - Buildings- സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ	**50,000**
230 50 02	Repairs & Maintenance - Infrastructure Assets - Roads- സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ	**50,000**
230 50 05	Repairs & Maintenance - Drinking Water-സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ	**50,000**
230 50 07	Repairs & Maintenance - Electricityസംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി	**50,000**
230 50 09	Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	**250,000**
230 50 99	Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ	**50,000**
230 80 01	Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ	**500,000**
230	TOTAL- OPERATIONS & MAINTENANCE EXPENSES- സംരക്ഷണവും നടത്തിപ്പും- ആകെ	**3,225,000**
240	INTEREST & FINANCE CHARGES- പലിശയും അനുബന്ധ ചെലവുകളും	
240 70 01	Bank Charges-ബാങ്ക് ചാർജ് നൽകൽ	**5,000**
240	TOTAL- INTEREST & FINANCE CHARGES- പലിശയും അനുബന്ധ ചെലവുകളും- ആകെ	**5,000**
	TOTAL STATUTORY EXPENDITURE- അനിവാര്യ ചുമതലകൾ ആകെ	**24,855,000**

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25		
BS-9 REVENUE EXPENDITURE PLAN (പ്ലാൻ റവന്യൂ ചെലവുകൾക്കുള്ള വകയിരുത്തലുകൾ)		
HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
250	**Decentralised Plan Programme - Productive Sector**	
2501001	Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും -നെൽകൃഷി	**640000**
2501002	Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും- മറ്റ് വിളകൾ	**425000**
2501003	Agricultural Development Programs-മറ്റ് കാർഷിക വികസന പരിപാടികൾ	**70000**
2501009	Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി	**500000**
2501011	Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി	**400000**
2501012	Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ	**600000**
2501016	Agriculture and Related Sectors -Mushrooms-കൃഷിയും അനുബന്ധ മേഖലകളും-കൂൺ കൃഷി	**60000**
2501017	Agriculture and Related Sectors -Floriculture-കൃഷിയും അനുബന്ധ മേഖലകളും	**50000**
2501025	Agriculture and Related Sectors - Infrastructure-കൃഷിയും അനുബന്ധ മേഖലകളും	**125000**
2501026	Agriculture and Related Sectors - Agriculture Related Facilities-കൃഷിയും അനുബന്ധ മേഖലകളും-അനുബന്ധ സൌകര്യങ്ങൾ	**150000**
2501032	Animal Husbandry -Goat-മൃഗ സംരക്ഷണം-ആട് വളർത്തൽ	**800000**
2501035	Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ	**1000000**
2501041	Animal Husbandry -Related Facility-മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ	**250000**
2501046	Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും	**2350000**
2501049	FreshWater -Pisciculture-ശുദ്ധജല മത്സ്യ കൃഷി	**56000**
2502001	Soil and Water Conservation - മണ്ണ് ജല സംരക്ഷണം	**2500000**
2502002	Minor Irrigation-ചെറുകിട ജലസേചനം	**750000**
2502006	Water Conservation-ജല സംരക്ഷണം	**1500000**
2503001	Small scale industries and Micro enterprises- ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും	**1500000**
2505005	Biogas Plant-ബയോഗ്യാസ് പ്ലാന്റ്	**750000**
250	**Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ**	**14476000**

251	Decentralised Plan Programme - Service Sector-സേവന മേഖല	
2510115	Literacy Equivalance Examination-സാക്ഷരത - തുല്യതാ പരീക്ഷ	50000
2511001	Pre-primary Education -പ്രീ-പ്രൈമറി വിദ്യാഭ്യാസം	180000
2511002	Primary Education-പ്രൈമറി വിദ്യാഭ്യാസം	650000
2511006	SSA & Other Educational Programs-സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും	100000
2511007	Sports-സ്പോട്സ്	120000
2511009	Reading Rooms and Libraries-വായന ശാലകളും റീഡിംഗ് റൂമുകളും	250000
2511010	Arts and Culture-കല-സംസ്കാരം	550000
2511011	Continuing Education and Non-formal Education അനൌപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും	50000
2511013	Education-Related Activities-വിദ്യാഭ്യാസ -അനുബന്ധ പ്രവർത്തനങ്ങൾ	943200
2512001	PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകൾ/ആസ്പത്രികൾ/ഡിസ്പന്സറികൾ	1266840
2512002	Public Health Programs -പൊതു ആരോഗ്യ പരിപാടികൾ	75000
2512003	Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി	100000
2512004	Medicines-മരുന്നുകൾ	3000000
2512007	Other Programs in Health Sector-മറ്റ് ആരോഗ്യ പദ്ധതികൾ	600000
2512008	Drinking Water-കുടിവെള്ളം	1170000
2512009	Sanitation-ശുചിത്വം	1796500
2512010	Health Sub centers-ആരോഗ്യ ഉപകേന്ദ്രങ്ങൾ	2500000
2512014	Ayurveda Dispensary-ആയുർവേദ ഡിസ്പന്സറി	75000
2512018	Homeo Dispensary-ഹോമിയോ ഡിസ്പന്സറി	75000
2512024	Epidemic Control-പകർച്ച വ്യാധി നിയന്ത്രണം	100000
2512026	Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം	1475000
2513001	Housing-ഭവന നിർമാണം	57600000
2513005	Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ	975680
2513006	Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ	1429250
2513007	Welfare Programs for the Destitute-അഗതി ക്ഷേമ പരിപാടികൾ	1559200
2513008	Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	88085349
2513009	Women's Welfare Programs-വനിതാ ക്ഷേമ പരിപാടി	1068000

2513010	Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	**575000**
2513012	Other Social Security Programs-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ	**334200**
2514001	Development Programs for Women and Children - വനിതാ ശിശു ക്ഷേമ പരിപാടികൾ	**1000000**
2514002	Special Child Welfare Program-പ്രത്യേക ശിശുക്ഷേമ പരിപാടികൾ	**610500**
2514101	Anganwadi Nutrition-അംഗൻവാടി പോഷകാഹാര പരി പാടി	**1175000**
2514201	Anganwadi Infrastructure-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ	**2500000**
2514202	Anganwadi Related Services-അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ	**165000**
2515001	Labour and Labour Welfare-തൊഴിലും തൊഴിലാളി ക്ഷേമവും	**600000**
2516005	General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ്	**358000**
2516006	General Economic Services- Good Governance -സത് ഭരണം	**155000**
2516007	General Economic Services- Computerisation of LSGIs and Transferred Institutions-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം	**300000**
2516008	General Economic Services- Other Plan Expenditure-മറ്റ് പ്ലാൻ ചെലവുകൾ	**671940**
2516201	Energy Conservation-ഊർജ സംരക്ഷണം	**500000**
2516301	Electricity Line Extension-വൈദ്യുത ലൈൻ നീട്ടൽ	**1500000**
2516501	Local Government Service Delivery Improvement-(	**250000**
2516502	Transferred Institution Service Delivery Improvement-ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ	**400000**
251	**Total-Decentralised Plan Programme - Service Sector**	**176938659**
252	**Decentralised Plan Programme - Infrastructure Sector**	
2521001	Energy - Electrification of Street Lights-തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം	**1000000**
2521002	Energy - Other Electrification Programs-മറ്റ് വൈദ്യുതീകരണ പ്രവർത്തനങ്ങൾ	**200000**
2521006	Other Energy Sector Programs-ഊർജ മേഖലയിലെ മറ്റ് പരിപാടികൾ	**1280000**
2522001	Roads-റോഡുകൾ	**4592000**
2522002	Lanes -ലയിനുകൾ	**500000**
2522005	Foot Bridges-നടപ്പാലങ്ങൾ	**0**
2522009	Other Transport Facilitates-മറ്റ് ഗതാഗത സൌകര്യങ്ങൾ	**1000000**

2522012	Other Programs in Infrastructure Sector-പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ	**432000**
2523001	Public Buildings- പൊതു കെട്ടിടങ്ങൾ	**500000**
2523102	Other Constructions - Side Walls-മറ്റ് നിർമിതികൾ- പാർശ്വ ഭിത്തി	**850000**
252	**Total-Decentralised Plan Programme - Infrastructure Sector**	**10354000**
253	**Projects not included in Sector Division**	
2531001	Drinking Water related Projects-കുടിവെള്ളം-അനുബന്ധ പ്രൊജെക്ടുകൾ	**500000**
2531004	Supplementary Nutritional Programs through Anganawadies-അംഗനവാടി അനുപൂരക പോഷക ആഹാര പരിപാടി	**1000000**
2531009	Computerisation of Panchayats-പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം	**425000**
2531011	Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം	**200000**
2531012	Payments to IKM-ഐ.കെ.എംനുള്ള പണം നൽകൽ	**100000**
2531014	Payments to Drinking Water-കുടിവെള്ളത്തിനുള്ള പണം നൽകൽ	**550000**
253	**Total-Projects not included in Sector Division**	**2775000**
255	**Maintenance Projects**	
255 10 01	Maintenance Projects - Road Assets-റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ	**2426000**
255 20 02	Maintenance Projects - Non Road Assets- Transferred Institutions - Animal Husbandry-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മൃഗ സംരക്ഷണം	**100000**
255 20 05	Maintenance Projects - Non Road Assets- Transferred Institutions - Social Welfare-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം	**500000**
255 20 07	Maintenance Projects - Non Road Assets- Transferred Institutions - Ayurveda (Hospitals/Dispensaries) -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി-ആയുർവേദം	**266000**
255 20 11	Maintenance Projects - Non Road Assets- Transferred Institutions - General Education-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പൊതു വിദ്യാഭ്യാസം	**900000**
255 20 16	Maintenance Projects - Non Road Assets- Transferred Institutions - Others--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ഘടക സ്ഥാപനങ്ങൾ	**225000**
255	**Total-Maintenance Projects**	**4417000**
	Total-Revenue Expenditure Plan - ആകെ പ്ലാൻറവന്യൂ ചെലവുകൾ	**208960659**

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25		
BS-10 -REVENUE EXPENDITURE- B FUND & STATE SPONSORED SCHEMES - (നോൺ പ്ലാൻ റവന്യു ചെലവുകൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ)		
HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
254	**Expenditure of Transferred Institutions (not included under Decntralised plan Programme)**	
2541001	Expenditure of Transferred Institutions (not included under Decntralised plan Programme) ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള നോൺ പ്ലാൻ ചെലവുകൾ	**500000**
1601003	STATE SPONSORED SCHEMES (NOT INCLUDED UNDER DECNTRALISED PLAN PROGRAMME (സംസ്ഥാനാവിഷ്കൃത പരിപാടികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ)	102000000
160	**TOTAL-Expenditure of Transferred Institutions (not included under Decntralised plan Programme)**	**102500000**

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25

BS-11 -CAPITAL Expenditure -LOANS (വായ്പ തിരിച്ചടവിന് വേണ്ടിയുള്ള വകയിരുത്തലുകൾ)

HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
330	**LOANS**	
3305001	Loans from Banks and Other Financial Institutions- ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	5400000
	TOTAL -LOANS -ആകെ വായ്പ തിരിച്ചടവ്	**5400000**

KOLLAYIL GRAMA PANCHAYAT BUDGET FOR THE YEAR 2024-25		
BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS - (മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)		
HEAD OF ACCOUNT	PARTICULARS	BUDGET FOR THE YEAR 2024-25
4101001	**Land(ഭൂമി)**	**2500000**
4102001	**Buildings(പൊതു കെട്ടിടങ്ങൾ)**	**4000000**
4103001	**Roads(റോഡുകൾ)**	**2492000**
4103002	**Lanes(ഇടവഴികൾ)**	**1540000**
4103003	**Culverts, Bridges & Other constructions(കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമിതികളും)**	**584111**
4104001	**Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.)(കുടിവെള്ള സ്രോതസ്സുകളും,അനുബന്ധ നിർമിതികളും**	**1203500**
4105001	**Irrigation(ജലസേചന സ്രോതസ്സുകളും,അനുബന്ധ നിർമിതികളും**	**1200000**
4106001	**Electricity(വൈദ്യുതി)**	**443626**
4107001	**Waste Treatment(മാലിന്യ സംസ്കരണം)**	**500000**
4107101	**Movable Assets(ജംഗമ സ്വത്തുകൾ)**	**1571693**
4108001	**Other Fixed Assets(മറ്റ് സ്ഥിര ആസ്തികൾ)**	**1278848**
410	**TOTAL CAPITAL EXPENDITURE- ആകെ മൂലധന ചെലവുകൾ**	**17313778**

KOLLAYIL GRAMA PANCHAYAT.. BUDGET FOR THE YEAR ..2024-2025			
BS-13- RECEIPT AND REFUND OF DEPOSIT- (ഡെപോസിറ്റ് വരവും, മടക്കി നല്കലും)			
DETAILED HEAD CODE	PARTICULARS(ഇനവിവരം)	Budget for the Year 2023-2024 വരവ്	Budget for the Year 2023-2024 മടക്കി നൽകൽ
3401001	Earnest Money Deposit-നിരതദ്രവ്യം	500,000.00	500,000.00
3401002	Security Deposit-സെക്യൂരിറ്റി നിക്ഷേപം	400,000.00	400,000.00
3401003	Retention-റിടെന്ഷൻ	100,000.00	100,000.00
3401099	Other Deposits-മറ്റ് നിക്ഷേപങ്ങൾ	150,000.00	150,000.00
3402001	Deposits-Revenue-റവന്യൂ നിക്ഷേപങ്ങൾ		-
3403001	Deposits Received From Staff-ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ		-
3408001	Deposit Received from Others-മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ		-
3501101	Employee Liabilities –ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ		-
3502001	Recoveries Payable -റിക്കവറികൾ അടവാക്കനുള്ളത്	280,000.00	280,000.00
3502002	Recoveries Payable - Deductions FROM WORK BILLS-വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത്	150,000.00	150,000.00
3503001	Government and Other Dues Payable-സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ	200,000.00	200,000.00
110	**ആകെ**	**1,780,000**	**1,780,000**